# പുക്കൻ എന്ന കുഞ്ഞാന

• നളിനി ശശിധരൻ




പുക്കന്റെ വാസം കാട്ടിലാണെങ്കിലും അവൻ നിത്യവും നാട് സന്ദർശിക്കാനിറങ്ങും. കൊഴുത്തുരുണ്ട ശരീരവും നീണ്ട തുമ്പിക്കൈയും കുഞ്ഞൻ വാലും മുറം പോലുള്ള ചെവിയും ഒക്കെയായി ശരിക്കും ഒരാനച്ചന്തം. നടക്കുമ്പോൾ അവന്റെ കുഞ്ഞൻ വാൽ പെന്റുലം പോൽ ആടുന്നത് കാണാൻ ബഹുരസമാണ്. അതിനൊത്ത താളത്തോടെ അവന്റെ തുമ്പിക്കൈയും ചലിച്ചുകൊണ്ടിരിക്കും. തൂണുകൾ പോലെയുള്ള കാലുകൾ അമർത്തിച്ചവിട്ടിക്കൊണ്ടുള്ള ആ നടപ്പിനും ഉണ്ട് ഒരു പ്രത്യേകത.

അവനെക്കണ്ടാൽ കുട്ടികൾ പിന്നാലെ കൂടും. പിന്നെ ഓരോരുത്തരായി ഓലയും കരിമ്പും ശർക്കരയും ഒക്കെ കൊണ്ടുക്കൊടുക്കും. പുഴയിലിറങ്ങി വെള്ളത്തിൽ കിടന്ന് ഒന്നുരുണ്ടിട്ട് നേരെ പപ്പന്റെ പഴക്കടയിലെത്തും.

അയാൾ കേടായ പഴങ്ങളും തുണ്ടു കുലയും ഒക്കെ അവന് കൊടുക്കും. എല്ലാം ഒടിച്ചു മടക്കി ഗുഹ പോലുള്ള തന്റെ വായ്ക്കുള്ളിലാക്കിയിട്ട്

▸▸ ചിന്നാർ സംരക്ഷണ മേഖല ഏത് ജില്ലയിലാണ്– ഇടുക്കി

## മൃഗങ്ങളുടെ ആയുസ്സ്

സാധാരണ ഗതിയിൽ വലിയ മൃഗങ്ങൾക്ക് ആയുസ്സ് കൂടുതലാണ്. കൊച്ചുപ്രാണികൾക്ക് ആയുസ്സ് കുറവാണ്. ആനകളും ഡോൾഫിനുകളും കുറഞ്ഞത് 60 വർഷം വരെ ജീവിച്ചിരിക്കും. വലുപ്പത്തിന്റെയും ആയുസ്സിന്റെയും അനുപാതം എപ്പോഴും ശരിയായിരിക്കണമെന്നില്ല. വളരെ ചെറിയ ആമകൾ 100 കൊല്ലത്തോളം ജീവിക്കും. മനുഷ്യന്റെ ആയുസ്സ് 60 -ന്റെയും 70 -ന്റെയും ഇടയിൽ ആണ്.



അവൻ കാട്ടിലേക്ക് മടങ്ങും. അങ്ങനെ വലിയ അധ്വാനമൊന്നും കൂടാതെ അവൻ സുഖമായി നാളുകൾ കഴിച്ചു. പക്ഷേ കുറച്ച് ദിവസമായി അവന്റെ മനസ്സിന് ഒരു തൃപ്തിയില്ലായ്മ. കടക്കാരന് വേണ്ടാത്തതല്ലേ തനിക്ക് തരുന്നതെന്ന് ഒരു തോന്നൽ.

എത്രയെത്ര പഴുത്ത കുലകളാണ് അവിടെ തൂക്കിയിട്ടിരിക്കുന്നത്. ഒരിക്കലെങ്കിലും ഒരു നല്ല കുല അയാൾ തന്നിട്ടുണ്ടോ..? ആ ദുഷ്ടനെ ഒരു പാഠം പഠിപ്പിച്ചിട്ട് തന്നെ കാര്യം. ഇനി ഒരിക്കലും അഴുകിയതും കേടായതും തന്ന് തന്നെ പറ്റിക്കരുത്. പതിവുപോലെ അവൻ പഴക്കടയിലെത്തി. പപ്പൻ സന്തോഷത്തോടെ ഇളകിവീണ പഴങ്ങളും തുണ്ടുകുലകളും കുട്ടയിലാക്കി അവന്റെ അടുത്തേക്ക് വന്നു. അടുത്തെത്തിയതും തുമ്പിക്കൈ കൊണ്ട് പങ്കൻ കുട്ട തട്ടി ദൂരേക്കെറിഞ്ഞു. കടക്കാരൻ അമ്പരന്നു പോയി.

ഇതിനിടെ പുങ്കൻ തൂക്കിയിട്ടിരുന്നതിൽ ഏറ്റവും വലിയ കുലകൾ നോക്കി വലിച്ചെടുത്ത് തീറ്റ തുടങ്ങി. ഇതിനിടെ ആളുകൾ കമ്പും തടിയുമായി അവനെ വിരട്ടാൻ നോക്കി. അവൻ ചിഹ്നം വിളിച്ചുകൊണ്ട് കണ്ണിൽ കണ്ടതെല്ലാം ചവിട്ടിമെതിച്ചു. ആളുകൾ പേടിച്ചു വിറച്ച് നാലുപാടും ചിതറിയോടി.

വയറു നിറച്ച് പുങ്കൻ സന്തോഷത്തോടെ തന്റെ താവളത്തിലേക്ക് നടന്നു. 'ഇനി സുഖമായി ഒന്നുറങ്ങണം'. അവൻ വിചാരിച്ചു. കിടന്നപാടെ ഉറക്കത്തിലേക്കു വഴുതി വീണു. അപ്പോൾ അതാ ചെവിയിൽ ഇക്കിളിപ്പെടുത്തുന്ന ഒരു ശബ്ദം.

''ഹൊ.. ഒന്നുറങ്ങാൻ സമ്മതിക്കില്ല നാശം.'' അവൻ തുമ്പിക്കൈ ചുഴറ്റി. കണ്ണ് തുറന്ന് നാലുപാടും നോക്കി. ഒന്നിനെയും കാണാനില്ല. അവൻ വീണ്ടും കണ്ണടച്ചു. അപ്പോൾ മറ്റേ ചെവിയിലായി ഗാനാലാപനം. അവന് ശരിക്കും ദേഷ്യം വന്നു. തുമ്പിക്കൈ കൊണ്ട് തുടരെത്തുടരെ വീശി. അപ്പോൾ എവിടെ നിന്നോ ഒരു ശബ്ദം:

''ഏയ് ഗജകേസരീ.. നിനക്കുറങ്ങാൻ കഴിയുന്നില്ല അല്ലേ.. ദാ ഇങ്ങോട്ട് നോക്ക്. ഇത്തിരിപ്പോന്ന ഒരു കൊച്ചു കൊതുകല്ലേ ഞാൻ. ഞാൻ വിചാരിച്ചപ്പോൾ നിന്റെ ഉറക്കം കെടുത്താൻ കഴിഞ്ഞു. നിന്റെ ഈ പൊണ്ണത്തടി കാണിച്ചു പേടിപ്പിച്ചിട്ടല്ലേ ആ പാവം കടക്കാരനെ വലച്ചത്! ചുണയുണ്ടെങ്കിൽ നിന്റെ പരാക്രമം ദാ എന്നോട് കാണിക്ക്!''

''ഇത്തിരിപ്പോന്ന കൊതുകേ, നീ ആരെയാണ് വെല്ലുവിളിക്കുന്നത്! എന്റെ ചെവികൊണ്ടു ഒരു വീശിന് പോലും നീ മതിയാവില്ല.

▸▸ കേരളത്തിലെ ആദ്യ ദേശീയോദ്യാനം – ഇരവികുളം(1978)

വെറുതെ ചാകാതെ നിന്റെ പാട് നോക്ക്.''

അവൻ വീണ്ടും കണ്ണടച്ചു. കൂർക്കം വലിച്ചു തുടങ്ങിയപ്പോൾ ആ ഇത്തിരിക്കുഞ്ഞൻ അവന്റെ പള്ളക്കിട്ട് ഒരു കുത്ത് കൊടുത്തു. അവന് നല്ല വണ്ണം വേദനിച്ചു.

ഇവനോട് മൽസരിക്കാൻ നിന്നാൽ ശരിയാവില്ല. ഒന്നും സംഭവിക്കാത്തതുപോലെ അവൻ ദൂരെ ഒരിടത്ത് പോയി കിടന്നു. പക്ഷേ അവനുറക്കം വന്നില്ല. നിസ്സാരനായ ഒരു കൊതുകിനോടാണ് ഞാൻ തോറ്റിരിക്കുന്നത്. അവന് ലജ്ജ തോന്നി. വലിയ കേമനാണെന്നായിരുന്നു തന്റെ വിചാരം. ആ ഒരഹന്തയാണ് തന്നെക്കൊണ്ട് വേണ്ടാത്തതൊക്കെ ചെയ്യിപ്പിച്ചത്.

ഒന്നും വേണ്ടിയിരുന്നില്ല. ഒരു പാവം മനുഷ്യൻ താൻ കാരണം എന്തുമാത്രം വിഷമിച്ചു! എത്ര സ്നേഹത്തോടെയാണ് അയാൾ എനിക്കെന്നും ആഹാരം തന്നിരുന്നത്! ശരിക്കും നന്ദികേടല്ലേ താൻ ചെയ്തത്?! ഇനി എങ്ങനെ ആ മുഖത്ത് നോക്കും?! പോയി മാപ്പ് ചോദിച്ചാലോ? അന്ന് മുഴുവൻ ചെയ്തുപോയ തെറ്റ് ഓർത്ത് അവൻ പശ്ചാത്തപിച്ചു.

ഇനി ഒരിക്കലും തന്നിൽനിന്നു ഇങ്ങനെ ഒരു പിഴവ് ഉണ്ടായിക്കൂടാ. ഒരു നല്ല തീരുമാനത്തോടെ പഴക്കട ലക്ഷ്യമാക്കി അവൻ നടന്നു. പക്ഷേ നാട്ടിലെത്തിയപ്പോൾ മുന്നോട്ട് പോകാൻ മനസ്സനുവദിച്ചില്ല. വല്ലാത്ത നാണം തോന്നി. ഇന്നിനി വേണ്ട. രണ്ടു മൂന്ന് ദിവസം കഴിയട്ടെ, അപ്പോഴേക്കും അയാളുടെ ദേഷ്യം ഒന്നടങ്ങും. അവൻ തിരിഞ്ഞു നടന്നു. വിശപ്പും ദാഹവും കലശലായി. കാട്ടിലാണെങ്കിൽ നല്ല പച്ചില പോലുമില്ല. ഒക്കെ ഉണങ്ങി വരണ്ട് കിടക്കുന്നു. വല്ല വിധേനയും രണ്ടുമൂന്ന് ദിവസം കഴിച്ചുകൂട്ടി.

പിന്നെ സകല ധൈര്യവും സംഭരിച്ച് അവൻ നാട്ടിലെത്തി. അവനെ സ്വീകരിക്കാൻ ആരും വന്നില്ല. കുട്ടികൾ കണ്ടപാടെ ഓടിയൊളിച്ചു. അവന് കരച്ചിൽ വന്നു. നടന്ന് നടന്ന് പഴക്കടയുടെ അടുത്തെത്തി. അപ്പോൾ അതാ മുന്നിൽ കൂറ്റൻ കമ്പിവേലി! അവൻ ദയനീയമായി നോക്കി. മുഴുത്തു പഴുത്ത കുലകൾ കടക്കു മുന്നിൽ തൂങ്ങിക്കിടക്കുന്നു. ഒരു നിമിഷത്തെ അവിവേകം വരുത്തിവെച്ച വിന! എടുത്തു ചാടുന്നതിനുമുമ്പ് ഒരു വട്ടമെങ്കിലും ആലോചിക്കേണ്ടിയിരുന്നു. അവൻ ഇളിഭ്യനായി കാട്ടിലേക്ക് തിരിഞ്ഞു നടന്നു.

◆




▸▸ ഇന്ത്യയിൽ പ്രൊജക്റ്റ് ടൈഗർ ആരംഭിച്ചത്– 1973 ഏപ്രിൽ 1 –ന്.